# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2969

15.12.2015 ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനത്തിന് ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് എന്തെല്ലാം ഇളവുകളാണ് സർക്കാർ നൽകിയിട്ടുള്ളത്; മാർക്കിൽ ഇളവ് നൽകിയതു സംബന്ധിച്ച വിശദാംശം നൽകാമോ; | എ) | 05.01.2015 ലെ ജി.ഒ.(എം.എസ്സ്) നമ്പർ 4/2015/ഉ.വി.വ പ്രകാരമുള്ള പ്രോസ്പെക്ടസ് ഭേദഗതി അനുസരിച്ച് സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട നോൺക്രീമിലെയർ പരിധിക്കുള്ളിൽ വരുന്നവരുമായ അപേക്ഷകർക്ക് എല്ലാ കോഴ്സുകളിലേയ്ക്കും 5% മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. ശാരീരിക വൈകല്യമുള്ള വിഭാഗങ്ങൾക്ക് എഞ്ചിനീയറിംഗ് കോഴ്സിന് യോഗ്യതാ പരീക്ഷയിൽ 5 ശതമാനം മാർക്കിളവ് അനുവദിച്ചിട്ടുണ്ട്. 04.06.2015 ലെ ജി.ഒ.(എം.എസ്സ്) നമ്പർ 236/2015/ഉ.വി.വ ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ നേടേണ്ട കുറഞ്ഞമാർക്ക് മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 45% ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>സർക്കാരും സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുമായി ഒപ്പിടുന്ന ഫീസ് കരാർപ്രകാരം മാനേജ്മെന്റ് സീറ്റിൽ സർക്കാർ നൽകുന്ന പ്രീ നോർമലൈസേഷൻ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുണ്ട്. |
| ബി) | എ.ഐ.സി.ടി.ഇ. യുടെ നിബന്ധന പ്രകാരം കണക്ക്, ഫിസിക്സ്എന്നീ വിഷയങ്ങളിൽ എത്ര മാർക്കാണ് വേണ്ടത് ; വ്യക്തമാക്കാമോ; | ബി) | എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരം കണക്ക്, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങളിൽ മൊത്തമായി 45% മാർക്ക് നേടിയാൽ മതിയാവുന്നതാണ്. എസ്.സി, എസ്.റ്റി, ഒ.ബി.സി വിഭാഗങ്ങൾക്ക് 40% മാർക്ക് നേടിയാൽ മതിയാകും. |
| സി) | യോഗ്യതാ മാർക്കിൽ ഇളവ് നൽകിയിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ? | സി) | ഉണ്ട്. എ.ഐ.സി.ടി.ഇ മാനദണ്ഡപ്രകാരമാണ് മാർക്ക് ഇളവ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ